# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.** 4377 **26.06.2014 ൽ മറുപടിക്ക്**

**സാക്ഷരതാ പ്രേരക്മാർക്ക് ശമ്പള വർദ്ധനവ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീമതി പി.അയിഷാ പോറ്റി** | | **ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** |
| (എ) കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം സാക്ഷരതാ പ്രേരക് മാർക്ക് എത്ര ശതമാനം തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്; | (എ) | കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് നൽകുന്ന ഓണറേറിയത്തിൽ 100/- രൂപ വീതം വർദ്ധിപ്പിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) ഇരുപത് വർഷം പ്രവർത്തനം നടത്തിയിട്ടുള്ള പ്രേരക്മാരെ സ്ഥിരം ജീവനക്കാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സ്ഥിരം ജീവനക്കാരായി നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) പ്രേരക്മാർക്ക് ഇ.എസ്.ഐ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; സാക്ഷരതാ പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ട ജനറൽ കൗൺസിൽ അവസാനമായി യോഗം ചേർന്നത് എന്നാണ്; ഈ സർക്കാരിന്റെ കാലയളവിൽ കൗൺസിൽ എത്ര പ്രാവശ്യം യോഗം ചേർന്നിരുന്നു; | (സി) | ഓണറേറിയം വ്യവസ്ഥയിൽ ജോലിനോക്കി വരുന്ന സാക്ഷരതാ മിഷൻ പ്രേരക്മാർ ഇ.എസ്.ഐ ആനുകൂല്യത്തിന് അർഹരല്ല. 19.07.2010 ൽ ആണ് ജനറൽ കൗൺസിൽ അവസാനമായി യോഗം ചേർന്നത്. ഈ സർക്കാരിന്റെ കാലത്ത് ജനറൽ കൗൺസിൽ പുന:സംഘടിപ്പിക്കപ്പെട്ടത് 11.09.2013 ലാണ്. പ്രസ്തുത കൗൺസിൽ യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) സാക്ഷരതാ പ്രേരക്മാർക്ക് മിനിമം വേതനം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർക്കും അസിസ്റ്റന്റ് പ്രേരക്മാർക്കും ഓണറേറിയം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനതു ഫണ്ടിൽ നിന്നു നൽകുകയും സാക്ഷരതാ മിഷന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഈ തുക തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകുക |

യുമാണ് ചെയ്തുവരുന്നത്. 22.10.2012 ൽ നിലവിലെ ഓണറേറിയം തുകയുടെ 60% വർദ്ധനവ് ഈ സർക്കാർ വരുത്തിയിരുന്നു. ഇതനുസരിച്ച് ഇപ്പോൾ നോഡൽ പ്രേരകിന് 3040/- രൂപയും തുടർവിദ്യാകേന്ദ്രം പ്രേരകിന് 2340/- രൂപയും അസിസ്റ്റന്റ് പ്രേരകിന് 2010/- രൂപയും മിനിമം വേതനമായി നൽകി വരുന്നു.

സെക്ഷൻ ഓഫീസർ